ജയിൽ പരിഷ്കരണം

*൩൪൨. (മന്) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയം മറുപടി പറയുമോ.—

(എ) ഇൻഡ്യയിലെ പല പ്രോവിൻസുകളിലും ജയിൽ പരിഷ്കാരം തുടങ്ങിയിട്ടുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനകീയ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ജയിൽ പരിഷ്കാരം സംബന്ധിച്ച് തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(സി) അടുത്ത ഭാവിയിൽ ജയിൽ പരിഷ്കാരം വരുത്തുവാൻ ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) പ്രത്യേകമായി ഒന്നും ചെയ്തിട്ടില്ല.

(സി) ഗവണ്മെൻറിന്റെ ആലോചനയിൽ വന്നിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അടുത്ത ഭാവിയിലെങ്കിലും ജയിൽ പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. സി. കേശവൻ: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇപ്പോഴത്തെ ജയിൽ ജീവിതം ക്ലേശകരമാണെന്നറിയാമോ?

ശ്രീ. സി. കേശവൻ: അല്ലെന്നാണറിവ്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ജയിലിൽ ഉള്ള ജീവിതവും, വെളിയിലുള്ള ജീവിതവും തമ്മിൽ ഏതാണിപ്പോൾ കൂടുതൽ ദുഃഖകരം?

ശ്രീ. സി. കേശവൻ: പുറത്തുള്ള ജീവിതമാണ്. (ചിരി).

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പൂജപ്പുര ജയിലിൽ ഏതാനും മാസങ്ങൾക്കുമുമ്പ് തുടങ്ങിയ നിരാഹാരവ്രതത്തെ തുടർന്ന് അതിൽ പങ്കെടുത്ത അനേകം തോളം ആളുകളെ ഏകാന്ത തടവിൽ ഇട്ടിരുന്നുവോ?

ശ്രീ. സി. കേശവൻ: അതു് നിരാഹാരത്തിന്റെ പേരിലായിരിക്കുകയില്ല. അതിന്റെ പേരിൽ നടത്തിയ മറ്റു ബഹളങ്ങൾക്കുവേണ്ടിയായിരിക്കും.

ലാക്കപ്പുമർദ്ദനം

*൩൪൩. (൨൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയം മറുപടി പറയുമോ.—

(എ) ജനകീയ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ലാക്കപ്പുമർദ്ദനങ്ങളും ലാക്കപ്പുമരണങ്ങളും ഉണ്ടായിട്ടുണ്ടോ;

(ബി) ജനകീയ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം മദ്യപാനത്തിനും അക്രമത്തിനും കൈക്കൂലിക്കും മർദ്ദനത്തിനും പോലീസുകാരുടെ പേരിൽ ഡിപ്പാർട്ട്മെൻറലായും അല്ലാതെയും കേസുകൾ ഉണ്ടായിട്ടുണ്ടോ;

(സി) അവയിൽ എത്ര കേസ് ശിക്ഷയിൽ വന്നിട്ടുണ്ടെന്നും എത്ര കേസു തള്ളിപ്പോയിട്ടുണ്ടെന്നും എത്ര കേസ് നിലവിൽ ഇരിക്കുന്നു എന്നും പറയുമോ?

Sri. C. Kesavan: I am sorry that the answer is not ready. We have not been able to collect the materials so far.

LIBRARY ARCHIVES Kerala Legislative Assembly